**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1243

10.08.2017- ൽ
മറുപടിയ്ക്ക്

## കിഴക്കേ ചാലക്കുടി വില്ലേജിലെ സർക്കാർ ഭൂമി കൈയ്യേറ്റം

| ചോദ്യം<br>**ശ്രീ.അനിൽ അക്കര** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) തൃശ്ശൂർ ജില്ലയിലെ കിഴക്കേ ചാലക്കുടി വില്ലേജിൽ സർക്കാർ വക തോട്ടം, ദേവസ്വം വക ഭൂമിയും കൈയ്യേറിയത് സംബന്ധിച്ച് സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ 29.04.2015 ന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) | അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| ബി) ഇത് സംബന്ധിച്ച് മധ്യമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ 04.05.2015 ലെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| സി) ടി കൈയ്യേറ്റം സംബന്ധിച്ച് മുൻ തൃശ്ശൂർ ജില്ലാ കളക്ടർ എം.എസ്. ജയ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കയ്യേറ്റം സംബന്ധിച്ച് മുൻ തൃശ്ശൂർ ജില്ലാ കളക്ടർ എം.എസ് ജയ റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. ജില്ലാ കളക്ടറുടെ നടപടിക്രമത്തിന്റെ പകർപ്പ് **ഉള്ളടക്കം ചെയ്യുന്നു.** |
| ഡി) 2015 ജൂൺ 11 ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം ടി കൈയ്യേറ്റം .ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ഡി) | ജില്ലാ കളക്ടർ കക്ഷികളെ 28/09/16, 06/10/16 എന്നീ തീയതികളിൽ വിചാരണ ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു വരുന്നതുമാണ്. |
| ഇ) പ്രസ്തുത വിഷയത്തിൽ നിലവിലെ തൃശ്ശൂർ ജില്ലാ കളക്ടർ തയ്യാറാക്കിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെയും സമഗ്ര റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ? | (ഇ) | അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

ഭരണഭാഷ-മാതൃഭാഷ

-695-

ർ-എസ്.3-6846/15

സർവ്വെയും ഭൂരേഖയും വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ-(0471)2325266
ഇമെയിൽ:- dir_tvm@syr.kerala.gov.in
തീയതി:29.04.15

ർവ്വെ ഡയറക്ടർ

ലാന്റ് റവന്യൂ കമ്മീഷണർ
ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം,തിരുവനന്തപുരം

സർ,

വിഷയം- സർവ്വെയും ഭൂരേഖയും വകുപ്പ്-സർവ്വെ വിജിലൻസ് വിഭാഗം-തൃശൂർ ജില്ല-ചാലക്കുടി താലൂക്ക്-കിഴക്കേ ചാലക്കുടി വില്ലേജ്-സർവ്വെ നമ്പർ 680/1, 681/1 - അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന- 1. അങ്ങയുടെ 27.03.2015ലെ എൽ.ആർ.കെ.4-19290/14 നമ്പർ കത്തും ഉള്ളടക്കവും.
2. സർവ്വെ വിജിലൻസ് വിഭാഗത്തിന്റെ 27.04.15ലെ ഇതേ നമ്പർ അന്വേഷണ റിപ്പോർട്ട്.

സൂചന ശ്രദ്ധിച്ചാലും. തൃശൂർ ജില്ല ചാലക്കുടി താലൂക്ക് കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വെ നമ്പർ 680/1, 681/1 എന്നിവയെ സംബന്ധിച്ച് പുത്തനങ്ങാടി സാൻമരിയ ജസ്റ്റിസ് ഫോറം സെക്രട്ടറി ശ്രീ.ബാബുജോസഫ്, പുത്തനങ്ങാടി ബഹു.ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച പരാതി സർവ്വെ വിജിലൻസ് മുഖേന പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് സൂചന(1)പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി തയ്യാറാക്കിയ സൂചന(2) റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.

വിഷയ സംബന്ധമായി സർവ്വെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണ-ത്തിൽ,പരാതിക്കാസ്പദമായ കിഴക്കേ ചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 680/1, 681/1 എന്നിവയെ സംബന്ധിച്ച 2005 ന് മുൻപുള്ള തണ്ടപ്പേരുകൾ വില്ലേജിൽ നിന്നും ലഭ്യമാ-യില്ല. കൂടാതെ, ബന്ധപ്പെട്ട ഓഫീസുകളിലെ ഫയലുകൾ പരിശോധിച്ചതിൽ,

ശ്രീ.പി. ഗോപാലകൃഷ്ണന്റെ അവകാശപ്രമാണങ്ങളുടെ മുന്നാധാരങ്ങളും ലഭ്യമായിട്ടില്ല. ആകയാൽ കിഴക്കേ ചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 680/1, 681/1 എന്നിവയിലെ *'വലിയതമ്പുരാൻ കോവിലകം'* വസ്തുവിൽ നിന്നും നിയമാനുസൃതമായാണോ 39.37 ആർ സ്ഥലം ശ്രീ.പി. ഗോപാലകൃഷ്ണൻ (ദിലീപ്) എന്നയാൾക്ക് ലഭിച്ചതെന്ന് പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ഈ സാഹചര്യത്തിൽ, പ്രസ്തുത സ്ഥലത്തെ സംബന്ധിച്ച 2005ന് മുൻപുള്ള തണ്ടപ്പേരുകൾ നഷ്ടപ്പെടാനിടയായ സാഹചര്യവും, ശ്രീ.പി. ഗോപാലകൃഷ്ണന്റെ അവകാശ പ്രമാണങ്ങളുടെ മുന്നാധാരങ്ങളുടെ ആധികാരികതയും പരിശോധിക്കുന്നതിന് ഒരു ഉന്നതതല റവന്യൂ സംഘത്തെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

**സർവ്വെ ഡയറക്ടർ**

// അംഗീകാരത്തോടെ //

സർവ്വെ സൂപ്രണ്ട്

സർവ്വെ വിജിലൻസ് വിഭാഗം.

**ഉള്ളടക്കം-** സൂചന(2)അന്വേഷണ റിപ്പോർട്ടിന്റേയും അനുബന്ധങ്ങളുടേയും പകർപ്പ്.

സെക്ഷൻ ഓഫീസർ

13/

-697-



ഭരണഭാഷ-മാതൃഭാഷ

...എസ്.3-6846/15

**സർവ്വെയും ഭൂരേഖയും വകുപ്പ്**
ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ-(0471)2325266
ഇമെയിൽ:- *dir_tvm@syr.kerala.gov.in*
തീയതി:27.04.15

...ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വെ ...മ്പർ 680/1 ലെ ദേവസ്വം ഭൂമിയും, സർവ്വെ നമ്പർ 681/1ലെ സർക്കാർ തോടു പുറ...മ്പോക്കും കയ്യേറി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയെന്ന ആരോപണം ഉന്നയിച്ച്, ...ുത്തനങ്ങാടി സാൻമരിയ ജസ്റ്റിസ് ഫോറം സെക്രട്ടറി ശ്രീ.ബാബുജോസഫ് ...ുത്തനങ്ങാടി ബഹു.ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർവ്വെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ട്.

**I) പശ്ചാത്തലം**

തൃശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വെ നമ്പർ 680/1 ലെ ദേവസ്വം ഭൂമിയും, സർവ്വെ നമ്പർ 681/1 ലെ സർക്കാർ തോടു പുറമ്പോക്കു ഭൂമിയും കയ്യേറി, ആലുവ തോട്ടക്കാട്ടുകര 'പത്മസരോവരം'വീട്ടിൽ പത്മനാഭപിള്ള മകൻ ശ്രീ.ഗോപാലകൃഷ്ണൻ(ദിലീപ്) എന്നവർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന ആരോപണം ഉന്നയിച്ച് പുത്തനങ്ങാടി സാൻമരിയ ജസ്റ്റിസ് ഫോറം സെക്രട്ടറി ശ്രീ.ബാബുജോസഫ്, പുത്തനങ്ങാടി ബഹു.ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച പരാതി സർവ്വെ വിജിലൻസ് മുഖേന പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് സർവ്വെ ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. ആയതു പ്രകാരം 23.04.15 തീയതിയിൽ സർവ്വെ വിജിലൻസ് വിഭാഗം തൃശൂർ കളക്ട്രേറ്റ്, തൃശൂർ ജില്ലാ സർവ്വെ സൂപ്രണ്ടാഫീസ്, ചാലക്കുടി താലൂക്കാഫീസ്, കിഴക്കേ ചാലക്കുടി വില്ലേജാഫീസ് എന്നിവിടങ്ങളിലെ ഫയൽ നടപടികളും റിക്കാർഡുകളും, പരാതിക്കാസ്പദമായ സ്ഥലവും നേരിട്ട് പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**II) നിരീക്ഷണങ്ങൾ.**

i. കിഴക്കേ ചാലക്കുടി വില്ലേജിൽ റിസർവ്വെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.
ii. ശ്രീ.ബാബു ജോസഫിന്റെ പരാതിയിൽ വസ്തു കയ്യേറി എന്ന് ആരോപിക്കപ്പെട്ടിട്ടുള്ള പത്മനാഭപിള്ള മകൻ ശ്രീ.പി.ഗോപാലകൃഷ്ണൻ(ദിലീപ്) എന്നവർക്ക് കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വെ നമ്പർ 680/1,681/1 എന്നിവയിൽ ആകെ 39.37ആർ സ്ഥലം അവകാശം സിദ്ധിച്ചതായി കാണിക്കുന്ന ആധാരങ്ങൾ ബന്ധപ്പെട്ട ഫയലുകളിൽ ചേർത്തിട്ടുണ്ട്. ടി ആധാരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

15/



| | ആധാര നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം | ആധാരം രജിസ്റ്റർ ചെയ്തു നൽകിയവർ |
|---|---|---|---|---|
| 1) | ചാലക്കുടി എസ്.ആർ.ഒ യിലെ 7575/06 നമ്പർ തീറാധാരം | 680/1 | 4.67 ആർ | ജോണി മകൻ സജി |
| 2) | ടി എസ്.ആർ.ഒ യിലെ 7576/06 നമ്പർ തീറാധാരം | 680/1 | 4.67 ആർ | പാപ്പു മകൻ പോൾ |
| 3) | ടി എസ്.ആർ.ഒ യിലെ 7577/06 നമ്പർ തീറാധാരം | 680/1<br>681/1 | 2.66ആർ<br>2.00ആർ | ജോസഫ് മകൻ അഗസ്റ്റിൻ |
| 4) | ടി എസ്.ആർ.ഒ യിലെ 7578/06 നമ്പർ തീറാധാരം | 680/1 | 4.67 ആർ | ഫിലിപ്പോസ് മകൻ ബിജു ഫിലിപ്പ് |
| 5) | ടി എസ്.ആർ.ഒ യിലെ 7892/06 നമ്പർ തീറാധാരം | 680/1 | 4.67 ആർ | പാപ്പു മകൻ പോൾ |
| 6) | ടി എസ്.ആർ.ഒ യിലെ 7893/06 നമ്പർ തീറാധാരം | 680/1 | 4.67 ആർ | ജോണി മകൻ സജി |
| 7) | ടി എസ്.ആർ.ഒ യിലെ 7894/06 നമ്പർ തീറാധാരം | 680/1 | 4.67 ആർ | ഫിലിപ്പോസ് മകൻ ബിജു ഫിലിപ്പ് |
| 8) | ടി എസ്.ആർ.ഒ യിലെ 7895/06 നമ്പർ തീറാധാരം | 681/1 | 4.67 ആർ | ജോസഫ് മകൻ അഗസ്റ്റിൻ |
| | | ആകെ | 37.35ആർ | |

iii. മേൽപറഞ്ഞ 37.35ആർ സ്ഥലത്തിനു പുറമേ പത്മനാഭപിള്ള മകൻ ശ്രീ.പി.ഗോപാല കൃഷ്ണൻ (ദിലീപ്) എന്നവർക്ക് 3653/14 നമ്പർ ആധാര പ്രകാരമുള്ള (ടി ആധാരത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല) സർവ്വെ നമ്പർ 680/1ലെ 2.02 ആർ സ്ഥലം കൂടി ലഭ്യമായതായും,ടി സ്ഥലം ഉൾപ്പെടെ ആകെ 39.37 ആർ സ്ഥലത്തിന് ടിയാൻ കിഴക്കേ ചാലക്കുടി വില്ലേജിൽ 3765-ാം നമ്പർ തണ്ടപ്പെരിൽ കരം ഒടുക്കി വരുന്നതായും കാണുന്നു.

(തണ്ടപ്പേരിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു.)

iv. സർവ്വെ നമ്പർ 680/1, 681/1 എന്നിവയുടെ സർവ്വെ റിക്കാർഡുകൾ പരിശോധിച്ച വിവരം ചുവടെ ചേർക്കുന്നു.

(a) സെറ്റിൽമെന്റ് കണക്കിൻപടി കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വെ നമ്പർ 680 ൽ 82 സെന്റ് പറമ്പ് *'വലിയ തമ്പുരാൻ കോവിലകം'* പണ്ടാരവക വെറുമ്പാട്ട ഭൂമിയായും, സർവ്വെ നമ്പർ 681/1 എന്നത് 35 സെന്റ് വിസ്തീർണ്ണമുള്ള *'തോട് പുറമ്പോക്ക്'* ഭൂമിയായും രേഖപ്പെടുത്തിയിട്ടുണ്ട്.

(സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു.)

(b) മേൽ പറഞ്ഞ സർവ്വെ നമ്പർ 681/1ലെ 35 സെന്റ് തോട് പുറമ്പോക്ക് സ്ഥലത്തെ മലയാള വർഷം 1097ലെ 404-ാം നമ്പർ എസ്.ഫയൽ പ്രകാരം 681/1,3 എന്നിങ്ങനെ സബ്ഡിവിഷൻ ചെയ്യുകയും, ഇതിൽ 681/1 എന്ന സബ്ഡിവിഷൻ 17.500സെന്റ് വിസ്തീർണ്ണത്തോടെ *'വലിയ തമ്പുരാൻ കോവിലകം'* പേരിലും; 681/3 എന്ന സബ്ഡിവിഷൻ 17.500സെന്റ് വിസ്തീർണ്ണത്തോടെ *'കണ്ണമ്പുഴ ഭഗവതി ദേവസ്വം'* പേരിലും സർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്.

(എസ്-404/1097 നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു.)

കിഴക്കേ ചാലക്കുടി വില്ലേജിലെ ബി.റ്റി.ആർ പരിശോധിച്ചതിൽ **മേൽപറഞ്ഞ സബ്ഡിവിഷൻ റിക്കാർഡുകൾക്കനുസൃതമായി സർവ്വെ നമ്പർ 681/1 എന്നത് 17.500** സെന്റ് വിസ്തീർണ്ണത്തോടെ **296-ാം നമ്പർ തണ്ടപ്പേർ നൽകി** *'വലിയ തമ്പുരാൻ കോവിലകം'* **പേരിലും;** സർവ്വെ നമ്പർ 681/3 എന്നത് 17.500 സെന്റ് വിസ്തീർണ്ണ ത്തോടെ 296-ാം നമ്പർ തണ്ടപ്പേർ നൽകി 1471-ാം നമ്പർ തണ്ടപ്പേർ നൽകി *'കണ്ണമ്പുഴ ഭഗവതി ദേവസ്വം'* പേരിലും റിക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്.

**(ബി.റ്റി.ആർ ന്റെ പകർപ്പ് അനുബന്ധം-4 ആയി ചേർക്കുന്നു.)**

(d) എന്നാൽ 681/1 ലെ 35 സെന്റ് തോട് പുറമ്പോക്ക് സബ്ഡിവിഷൻ ചെയ്ത് **മേൽ പറഞ്ഞ രീതിയിൽ വില്ലേജ് റിക്കാർഡുകൾ തയ്യാറാക്കിയെങ്കിലും, 296,1471 എന്നീ** തണ്ടപ്പേരുകളുടെ വിവരങ്ങൾ **കിഴക്കേ ചാലക്കുടി വില്ലേജിൽ ലഭ്യമല്ല.**

v. 3765-ാം നമ്പർ തണ്ടപ്പേരിൽ ശ്രീ.പി.ഗോപാലകൃഷ്ണൻ കരം ഒടുക്കി വരുന്ന സ്ഥലം കിഴക്കേ ചാലക്കുടി വില്ലേജിലെ 2191,2190,2189,2188,2278 എന്നീ മുൻ തണ്ടപ്പേരുകളിൽ നിന്നും വന്നിട്ടുള്ളതായി വില്ലേജ് രേഖകളിൽ കാണുന്നു.

**(2191,2190,2189,2188എന്നീ തണ്ടപ്പേരുകളുടെ പകർപ്പുകൾ അനുബന്ധം-5 ആയി ചേർക്കുന്നു.)**

vi. 2191,2190,2189,2188 എന്നീ തണ്ടപ്പേരുകൾ വന്നിട്ടുള്ളത് **14776** എന്ന തണ്ടപ്പേരിൽ നിന്നുമാണ്.**(അനുബന്ധം-5 ദയവായി ശ്രദ്ധിച്ചാലും.)** സർവ്വെ വിജിലൻസ് വിഭാഗ ത്തിന്റെ പരിശോധനയിൽ ടി **14776 എന്ന തണ്ടപ്പേരോ, ആയതിന്റെ മുൻ തണ്ടപ്പേരു കളോ** കിഴക്കേചാലക്കുടി വില്ലേജിൽ നിന്നും പരിശോധനയ്ക്കായി ലഭ്യമായിട്ടില്ല. ആകയാൽ, പത്മനാഭപിള്ള മകൻ ശ്രീ.പി.ഗോപാലകൃഷ്ണൻ (ദിലീപ്) എന്നവരുടെ കൈവശത്തിലുള്ള **39.37 ആർ** സ്ഥലം, കിഴക്കേ ചാലക്കുടി വില്ലേജിൽ **സർവ്വെ നമ്പർ 680/1, 681/1** എന്നിവയിലെ *'വലിയതമ്പുരാൻ കോവിലകം'* വസ്തുവിൽ നിന്നും നിയമാനുസൃതം കൈമാറിയാണോ ശ്രീ.പി.ഗോപാല കൃഷ്ണൻ (ദിലീപ്) എന്നവരുടെ **കരം തീരുവയിൽ ഉൾപ്പെട്ടുവന്നതെന്ന്** പരി-ശോധിക്കുവാൻ സാധിച്ചിട്ടില്ല.

v. മേൽപറഞ്ഞ കിഴക്കേ ചാലക്കുടി വില്ലേജിലെ സർവ്വെനമ്പർ 680/1,681/1എന്നിവ യിലെ **39.37 ആർ സ്ഥലത്തിൽ ശ്രീ.പി.ഗോപാല കൃഷ്ണൻ (ദിലീപ്) എന്നവരുടെ** ഉടമസ്ഥതയിലുള്ള **'ഡി-സിനിമാസ്' തീയേറ്റർ കോംപ്ലക്സ് പ്രവർത്തിച്ചു വരുന്നു.**

## III) പരിശോധനാ വിവരങ്ങൾ

i. കിഴക്കേ ചാലക്കുടി വില്ലേജിലെ സർവ്വെനമ്പർ 680/1,681/1 എന്നിവയിൽ ശ്രീ.പി. ഗോപാലകൃഷ്ണൻ (ദിലീപ്) എന്നവരുടെ ഉടമസ്ഥതയിലുള്ളതും **39.37 ആർ** സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി നിലവിൽ **ഒരു മീറ്ററിൽ കൂടുതൽ വീതി** യോടുകൂടിയ തോട് ഒഴുകുന്നുണ്ട്.

**(അനുബന്ധം-6 ദയവായി ശ്രദ്ധിച്ചാലും.)**

ii. ശ്രീ.പി. ഗോപാലകൃഷ്ണൻ (ദിലീപ്) എന്നവരുടെ **കരം തീരുവയിലുള്ള** കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വെ നമ്പർ 680/1, 681/1 എന്നിവയിലെ *'വലിയതമ്പുരാൻ കോവിലകം'* വസ്തുവിൽ നിന്നും 39.37 **ആർ** സ്ഥലം നിയമാനുസൃതം കൈമാറി-യാണോ ടിയാന് ലഭിച്ചതെന്ന് പരിശോധിക്കുന്നതിന്, കിഴക്കേ ചാലക്കുടി

19/77



വില്ലേജിലെ 14776 എന്ന തണ്ടപ്പേരോ, ആയതിനാധാരമായ മുൻതണ്ടപ്പേരുകളോ ലഭ്യമാകാത്തതിനാലും, സർവ്വെ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ ശ്രീ.പി. ഗോപാലകൃഷ്ണന്റെ മുന്നാധാരങ്ങൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭ്യമാകാത്തതിനാലും, സാധിച്ചിട്ടില്ല.

## IV) ശുപാർശ.

i. പരാതിക്കാസ്പദമായ സ്ഥലവുമായി ബന്ധപ്പെട്ട മുൻ തണ്ടപ്പേരുകൾ ലഭിക്കാത്തതിനാൽ, സർവ്വെ നമ്പർ 680/1, 681/1 എന്നിവയിലെ 'വലിയതമ്പുരാൻ കോവിലകം' വസ്തുവിൽ നിന്നും നിയമാനുസൃതമായാണോ 39.37 ആർ സ്ഥലം ശ്രീ.പി. ഗോപാലകൃഷ്ണൻ (ദിലീപ്) എന്നയാൾക്ക് ലഭിച്ചതെന്ന് പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആകയാൽ പ്രസ്തുത സ്ഥലത്തെ സംബന്ധിച്ച 2005ന് മുൻപുള്ള തണ്ടപ്പേരുകൾ നഷ്ടപ്പെടാനിടയായ സാഹചര്യവും, ശ്രീ.പി. ഗോപാലകൃഷ്ണന്റെ അവകാശ പ്രമാണങ്ങളുടെ മുന്നാധാരങ്ങളുടെ ആധികാരികതയും പരിശോധിക്കുന്നതിന് ഉന്നതതല റവന്യൂ സംഘത്തെ നിയമിക്കണമെന്ന് ബഹു.ലാന്റ് റവന്യൂ കമ്മീഷണറോട് അപേക്ഷിക്കാവുന്നതാണ്.

(ഒപ്പ്)

സർവ്വെ വിജിലൻസ് ഓഫീസർ.

// അംഗീകാരത്തോടെ //

2. സർവ്വെ സൂപ്രണ്ട്

സർവ്വെ വിജിലൻസ് വിഭാഗം.

സെക്ഷൻ ഓഫീസർ

നിയമസഭാ ചോദ്യം 124B

1

മധ്യമേഖല റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ അന്വേഷണ റിപ്പോർട്ട്

തീയതി, 04.05.2015

നം.576/വി/റ്റി/14

വിഷയം: തൃശ്ശൂർ ജില്ല - ചാലക്കുടി താലൂക്ക് - കിഴക്കേ ചാലക്കുടി വില്ലേജ് - സർവ്വേ നമ്പർ 680/1, 681/1 ഭൂമി അനധികൃതമായി കൈയേറിയതായുള്ള പരാതി - അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത്

സൂചന : ലാന്റ് റവന്യൂ കമ്മീഷണറുടെ 25.07.2014 ലെ നം.എൽ.ആർ.കെ4-19290/14

............

ശ്രീ.ബാബു ജോസഫ് പുത്തനങ്ങാടി, സെക്രട്ടറി, സാൻമരിയ ജസ്റ്റിസ് ഫോറം, കെ.എസ്.ആർ.ടി.സി റോഡ്, ചാലക്കുടി എന്നയാൾ കിഴക്കെ ചാലക്കുടി വില്ലേജിലെ സർവ്വേ 680/1, 681/1 എന്നീ വസ്തു വഹകളിൽ ശ്രീ.പി.ഗോപാലകൃഷ്ണൻ, പത്മസരോവരം, ആലുവ എന്നയാൾ കൃത്രിമ ആധാരങ്ങൾ ഉണ്ടാക്കുകയും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നതായുമാണ് പരാതിപ്പെട്ടിട്ടുള്ളത്.

കിഴക്കെ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 680/1, 666 എന്നിവയിലെ വസ്തു വഹകൾ കൊച്ചി രാജവംശത്തിന്റെ സ്ഥാപനമായ വലിയ തമ്പുരാൻ കോവിലകം വക വസ്തു വഹകളാണെന്നും സർവ്വേ 680/1 ൽ പെട്ട വസ്തു ശ്രീധരമംഗലം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ ഊട്ടുപുര ഉണ്ടായിരുന്ന സ്ഥലമാണെന്നും സർവ്വേ ആന്റ് സെറ്റിൽമെന്റ് രജിസ്റ്ററിലും ടി ഭൂമിയുടെ പേര് ഊട്ടുപുരപറമ്പ് എന്നു വ്യക്തമാക്കിയിട്ടുള്ളതും 681/1 തോട് പുറമ്പോക്കാണെന്നും പരാതിയിൽ വ്യക്തമാക്കുന്നുണ്ട്.

സർവ്വേ നമ്പർ 680/1 ൽ പഴയ ഉടമസ്ഥരായ രാധ മുതൽ പേർക്ക് ചാലക്കുടി ട്രൈബ്യൂണൽ 1973 ലെ ഒ.എ-692-ാം നമ്പർ വിധി പ്രകാരം 9.88 സെന്റ് വസ്തുവിന് മാത്രമാണ് പട്ടയം നൽകിയിട്ടുള്ളതെന്നും പറയുന്നു.

ടി വസ്തു വഹകൾ ജോർജ്ജ് എന്നയാൾ 1996 ൽ 9.34 ആർ (23.07 സെന്റ് മാത്രം) ഉള്ള നാല് കൃത്രിമ ആധാരങ്ങളിലായി 92 സെന്റ് വാങ്ങിക്കുകയും റവന്യൂ അധികാരികൾ മേൽ വസ്തുവിന് പോക്കുവരവ് അനുവദിക്കാതിരിക്കുകയും എന്നാൽ 2005 ൽ ഗോപാലകൃഷ്ണൻ എന്നയാൾ മുൻ വില്ലേജ് ഓഫീസർമാരെ അനധികൃതമായി സ്വാധീനിച്ച് പോക്കുവരവ് സാധിച്ചെടുത്തതായി പരാതിയിൽ പറയുന്നു. ആയതിന് 1 വർഷക്കാലത്തിനു ശേഷം ടി ഭൂമി ടിയാന്റെ പേരിലേക്ക് ആധാരം ചെയ്തു വാങ്ങിയതായും പറയുന്നു.

സർവ്വേ 681/1 ൽ പെട്ട 35 സെന്റ് സർവ്വേ റിക്കാർഡുകൾ പ്രകാരം തോടു
പുറമ്പോക്കായിട്ടാണുള്ളതെന്നും ടി സർക്കാർ വക തോടിനു കൃത്രിമ ആയാരാ
ങ്ങളാണുണ്ടാക്കിയിട്ടുള്ളതെന്നും പരാതിയുണ്ട്.

ഇക്കാര്യങ്ങൾ സംബന്ധിച്ച് വില്ലേജാഫീസർ, തഹസിൽദാർ, ജില്ലാ
കളക്ടർ എന്നവർക്ക് പരാതി സമർപ്പിച്ചിരുന്നുവെങ്കിലും ദിലീപ് എന്ന ഗോപാല
കൃഷ്ണന്റെ സ്വാധീനത്തിൽ പരാതികളിൻമേൽ യാതൊരു നടപടികളും സ്വീകരി
ച്ചിട്ടില്ലാത്തതായി പരാതിപ്പെട്ടിട്ടുണ്ട്. ടി സ്ഥലത്തുള്ള നിർമ്മാണങ്ങൾ നിർത്തി
വെപ്പിച്ച് സർക്കാർ വക ഭൂമിയും ദേവസ്വം വക ഭൂമിയും ഏറ്റെടുക്കണമെന്നും
ഇതിന് കൂട്ടു നിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്നുമാണ് പരാതി
യുടെ ചുരുക്കം.

അന്വേഷണ നടപടികളുടെ ഭാഗമായി പരാതിക്കാരനായ ശ്രീ.ബാബു
ജോസഫ് പുത്തനങ്ങാടി, സെക്രട്ടറി, സാൻമരിയ ജസ്റ്റിസ് ഫോറം എന്നവരിൽ
നിന്നും പരാതിയിൽ പറയുന്ന സംഗതികളെ സംബന്ധിച്ച് നേരിട്ട് തെളിവെടുക്കു
ന്നതിനു വേണ്ടി ഈ ഓഫീസിൽ 20.10.2014 ന് ഹാജരാകുന്നതിനായി നോട്ടീസ്
നൽകിയിരുന്നുവെങ്കിലും ഹിയറിംഗ് മറ്റൊരു ദിവസത്തേക്ക് മാറ്റി വെക്കണമെന്ന
കക്ഷിയുടെ അപേക്ഷ പ്രകാരം 17.11.2014 ന് വീണ്ടും സമയം അനുവദിച്ചു നൽകി
യിരുന്നതുമാണ്. എന്നാൽ ടി ദിവസവും പരാതിക്കാരൻ ഹിയറിംഗിനു ഹാജ
രായിട്ടില്ലാത്തതാണ്. ടി പരാതിയിൽ പറയുന്ന വിഷയങ്ങളെക്കുറിച്ചന്വേഷിക്കുന്ന
തിനായി ചാലക്കുടി താലൂക്കാഫീസ്, കിഴക്കേ ചാലക്കുടി വില്ലേജാഫീസ് എന്നി
വിടങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള ഫയലുകൾ ബന്ധപ്പെട്ട വില്ലേജ്
റിക്കാർഡുകൾ എന്നിവ നേരിട്ട് പരിശോധനാ വിധേയമാക്കുകയും പരാതിക്കാ
സ്പദമായ സ്ഥലം വില്ലേജ് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചിട്ടുള്ള
തുമാണ്.

പരാതിയിൽ പരാമർശിക്കുന്ന, മുൻപ് മുകുന്ദപുരം താലൂക്കിൽ ഉൾപ്പെട്ടിരു
ന്നതും നിലവിൽ ചാലക്കുടി താലൂക്കിൽ ഉൾപ്പെട്ടു വരുന്നതുമായ കിഴക്കെ ചാല
ക്കുടി വില്ലേജിലെ സർവ്വേ നമ്പർ 680/1, 681/1 ൽ ഉൾപ്പെടുന്ന നിലവിൽ
ശ്രീ.ഗോപാലകൃഷ്ണൻ, പത്മസരോവരം, തോട്ടക്കാട്ടുകര, ആലുവ എന്നയാളുടെ
അവകാശത്തിലും ഉടമസ്ഥതയിലുമുള്ളതായ D Cinemas എന്ന സിനിമ തീയേറ്റർ
കോംപ്ലക്സ് ഉൾപ്പെടുന്ന സ്ഥലം വ്യക്തമായ അതിർത്തിക്കുള്ളിൽ സ്ഥിതി
ചെയ്തു വരുന്നതായി കാണുന്നു.

ടി സ്ഥലം കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ 680/1 ന്റെയും 681/1
ന്റെയും ഭാഗമായി 680/1 ൽ 0,02900 ഹെക്ടർ വസ്തു 681/1 ൽ 0.0655 ഹെക്ടർ

വസ്തു എന്നിങ്ങനെ 0.3555 ഹെക്ടർ (88 സെന്റ്) വിസ്തീർണ്ണമാണുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് താലൂക്ക് സർവ്വേയർ ചാലക്കുടി തഹസിൽദാർക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നു. നിലവിലെ വില്ലേജ് റിക്കാർഡിൽ അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം 680/1 ൽ 0.6237 ഹെക്ടർ പുരയിടമായും 681/1 ൽ 35 സെന്റ് തോട് പുറമ്പോക്ക് എന്നും രേഖപ്പെടുത്തിക്കാണുന്നു. കൊല്ല വർഷം 1097 ലെ എസ്-404-ാം നമ്പർ നടപടി പ്രകാരം 681/1 നെ പുനർ വിഭജനം ചെയ്ത് ഇനം മാറ്റം വരുത്തി 681/1, 3 എന്നിങ്ങനെയാക്കുകയും 681/1 ൽ, 17 1/2 സെന്റ് പണ്ടാര വക വെറുമ്പാട്ടമാക്കി കണ്ണമ്പുഴ ഭഗവതി ദേവസ്വം എന്നാക്കി മാറിയിട്ടുണ്ട്. എന്നാൽ സെറ്റിൽമെന്റ് രജിസ്റ്ററിൽ 681/1 ൽ 35 സെന്റ് സ്ഥലം തോട് പുറമ്പോക്കായിരുന്നതായാണ് കാണുന്നത്.

സ്ഥല പരിശോധന നടത്തിയതിൽ ശ്രീ.ഗോപാലകൃഷ്ണൻ കൈവശം വച്ചു വരുന്ന പരാതിക്കാസ്പദമായ ഭൂമി എറണാകുളം തൃശ്ശൂർ എൻ.എച്ച്-47 ന് അരികിൽ ചാലക്കുടി ടൗണിനോടു ചേർന്ന് എൻ.എച്ചിന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്തു വരുന്നതും കൃത്യമായ കൈവശാതിരുകളോടു ചേർന്ന തുമാണ്. നിലവിൽ ടി സ്ഥലത്ത് മൂന്നു സിനിമാ തീയേറ്ററുകളടങ്ങിയ തീയേറ്റർ കോംപ്ലക്സ് പ്രവർത്തിച്ചു വരുന്നതായി കാണുന്നു.

ശ്രീ.ഗോപാലകൃഷ്ണൻ എന്നവർക്ക് കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 680/1 ൽ വരുന്ന 30.68 ആർ ഭൂമി ചാലക്കുടി സബ്ബ് രജിസ്ട്രാർ ഓഫീസിലെ 7575/06, 7576/06, 7577/06, 7578/06, 7892/06, 7893/06, 7894/06 എന്നീ ആധാരങ്ങൾ പ്രകാരവും സർവ്വേ നമ്പർ 681/1 ൽ ഉൾപ്പെട്ട 6.67 ആർ വസ്തു 7577/06, 7896/06 എന്നീ ആധാരങ്ങൾ പ്രകാരവും സിദ്ധിച്ചതായി കാണുന്നു.

മേൽ ഗോപാലകൃഷ്ണനു ഭൂമി നൽകിയിരുന്ന നാലു വ്യക്തികളിൽ ഓരോ വ്യക്തികൾക്കും 0.0934 ഹെക്ടർ ഭൂമി വീതം 30.11.2005 ലെ 6397/05, 6398/05, 6399/05, 6400/05 എന്നീ ആധാരങ്ങൾ പ്രകാരം സിദ്ധിച്ചിരുന്നതായാണ് കാണുന്നത്. എന്നാൽ ഇതേ ഭൂമി വീണ്ടും 8 ആധാരങ്ങൾ ആയാണ് ശ്രീ.ഗോപാലകൃഷ്ണന് നൽകിയിട്ടുള്ളതെന്നും കാണുന്നു.

ശ്രീ.ഗോപാലകൃഷ്ണന് ടി ഭൂമി കൈമാറുന്നതിന് മുമ്പു തന്നെ കിഴക്കെ ചാലക്കുടി വില്ലേജാഫീസിൽ മേൽ സൂചിപ്പിച്ച സർവ്വേ നമ്പറിലും വിസ്തീർണ്ണത്തിലും ഉള്ള ഭൂമിക്ക് നികുതി സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. 2005 കാലയളവിലാണ് ഇപ്രകാരം നികുതി സ്വീകിരക്കുന്നതിനായി മുൻ ആധാര പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി വില്ലേജാഫീസിലെ റിക്കാർഡുകൾ പരിശോധിച്ചതിൽ മനസ്സിലാക്കാൻ സാധിക്കുന്നത്. എന്നാൽ ടി.ആർ റൂൾ

പ്രകാരം പോക്കുവരവ് നടപടികൾ സ്വീകരിച്ചതിന്റെ ഫയലുകളോ രജിസ്റ്ററുകളോ
കിഴക്കെ ചാലക്കുടി വില്ലേജിൽ ലഭ്യമല്ലാത്തതാണ്. മാത്രമല്ല യഥാർത്ഥ തണ്ടപ്പേർ
രജിസ്റ്ററിലല്ല മേൽ കാലയളവിൽ പോക്കുവരവ് ചെയ്ത് നികുതി സ്വീകരിക്കുന്ന
തിനുളള നടപടികൾ സ്വീകരിച്ചതായി കാണാൻ കഴിഞ്ഞത്.

ശ്രീ.ഗോപാലകൃഷ്ണന് മേൽ വിഷയം സംബന്ധിച്ച് എന്തെങ്കിലും തെളി
വുകൾ ഹാജരാക്കുന്നതിനും സ്റ്റേറ്റ്മെന്റ് നൽകുന്നതിനും സമയമനുവദിച്ച് ഈ
കാര്യാലയത്തിൽ നിന്നും നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ
സഹോദരൻ ശ്രീ.പി.ശിവകുമാർ ഗോപാലകൃഷ്ണനു വേണ്ടി ഹാജരാകുകയും
മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പരാതിയിൽ പറഞ്ഞിരി
ക്കുന്ന ആരോപണങ്ങളെല്ലാം തന്നെ ടിയാൻ നിഷേധിച്ചിട്ടുളളതാണ്.

ഇതേ വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് കെ.സി.സന്തോഷ് എന്നൊരാൾ
ബഹു.ഹൈക്കോടതി മുമ്പാകെ 26078/13 നമ്പറായി ഒരു റിട്ട് പെറ്റീഷൻ സമർപ്പി
ക്കുകയും ഹൈക്കോടതി നിർദ്ദേശ പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ വിഷയം
വിശദമായി പരിശോധിക്കുകയും പരാതിക്കടിസ്ഥാനമില്ലെന്നു കണ്ട് തളളിക്കള
ഞ്ഞിട്ടുളളതാണെന്നും മൊഴി നൽകിയിട്ടുണ്ട്. ~~ടി സ്ഥലത്ത് ഇപ്പോൾ ഒരു തീയേ~~
റ്റർ കോംപ്ലക്സ് പ്രവർത്തിച്ചു വരുന്നുണ്ടെന്നും മൊഴി നൽകിയിട്ടുണ്ട്.
പ്രസ്തുത സന്തോഷ് എന്നയാളുടെ പ്രേരണയാലാണ് ശ്രീ.ബാബു ജോസഫ്
പുത്തനങ്ങാടി എന്നയാൾ ഈ പരാതി സമർപ്പിച്ചിട്ടുളളതെന്നും ആയതിൽ വ്യ
ക്തിപരമായ താൽപ്പര്യങ്ങൾ മാത്രമാണ് പരാതിക്ക് പിന്നിലുളളതെന്നും ആരോപ
ണങ്ങൾ വ്യാജമായി കണ്ടു കൊണ്ട് പരാതി തളളിക്കളയണമെന്നും അപേക്ഷിച്ചി
ട്ടുണ്ട്.

ശ്രീ.ബാബു ജോസഫ് പുത്തനങ്ങാടിയുടെ പരാതിയിൽ പറഞ്ഞിരിക്കുന്ന
ശ്രീ.പി.ഗോപാലകൃഷ്ണൻ, പത്മസരോവരം, ആലുവ എന്നയാൾ മലയാള
സിനിമാ രംഗത്തെ പ്രശസ്തനായ അഭിനേതാവായ ദിലീപാണ്. അന്വേഷണ
ത്തിൽ ശ്രീ.ഗോപാലകൃഷ്ണൻ എന്നവർ മേൽപ്പറഞ്ഞ സ്ഥലങ്ങൾ എടുത്തതിനു
ശേഷം രേഖകൾ കൃത്രിമമായി ചമക്കുകയോ ആധാരങ്ങളിൽ കൂടുതൽ സ്ഥലം
കൈയേറുകയോ ചെയ്തിട്ടുളളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

എങ്കിലും വസ്തുതകൾ പരിശോധിച്ചതിൽ മുൻ കൈവശക്കാർക്ക് സിദ്ധി
ച്ചിട്ടുളള ആധാരത്തിൽ പറയുന്നതു പ്രകാരമുളള ഭൂമി സിദ്ധിച്ചിട്ടുളളതിൽ വളരെ
വിശദമായ ഒരു അന്വേഷണം നടത്തേണ്ടതായി കാണുന്നു. ആയതിനു വേണ്ടി
പഴയ സർവ്വേ സ്കെച്ചുകളുടെ സഹായത്തോടെ 680/1, 681/1 എന്നീ ഭൂമികളുടെ
അതിരുകൾ നിശ്ചയിക്കുകയും 680/1 ൽ പല തവണകളായി ദേശീയ പാതയ്ക്ക

ടക്കം ഏറ്റെടുത്ത ഭൂമി സംബന്ധമായ റിക്കാർഡുകളുടെ കൂടി സഹായത്തോടെ ടി സർവ്വേ നമ്പറിൽ ബാക്കിയുള്ള ഭൂമിയുടെ വിസ്തീർണ്ണം കണ്ടെത്തേണ്ടതും ടി വിസ്തീർണ്ണം പഴയ സർവ്വേ റിക്കാർഡുകൾ പ്രകാരം നിർണ്ണയിച്ച അതിർത്തിക്കുള്ളിൽ കൈവശക്കാരന് എത്രയുണ്ടെന്ന് കണക്കാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ അതിർനാടു ചേർന്നു കിടക്കുന്ന 680/1 ൽ ഉൾപ്പെട്ട എത്രത്തോളം ഭൂമി യഥാർത്ഥ കൈവശത്തിലുണ്ടെന്നു കണക്കാക്കാൻ കഴിയുകയുള്ളൂ. 681/1 ൽ ഉൾപ്പെട്ട 35 സെന്റ് സ്ഥലം തോട് പുറമ്പോക്കാണെന്നാണ് സെറ്റിൽമെന്റ് രജിസ്റ്ററിൽ ഉള്ളത്. ആയതിനാൽ ടി 35 സെന്റ് സ്ഥലം മറ്റേതെങ്കിലും രീതിയിൽ വിനിയോഗിച്ചിട്ടുള്ളതായി റിക്കാർഡുകൾ പരിശോധിച്ചതിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി വസ്തുവിന്റെ നിലവിലുള്ള സ്ഥിതി വിവരം മനസ്സിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിനായി ഈ ഓഫീസിൽ സർവ്വേയർമാരുടെ സേവനം ലഭ്യമല്ലാത്തതിനാൽ വിശദമായ പരിശോധനക്ക് സാധ്യമായിട്ടില്ല. ഈ വിഷയത്തിൽ സർവ്വേ നമ്പറുകളുടെ പഴയ അതിർത്തികൾ പുനഃപരിശോധിക്കേണ്ടത് വളരെ പ്രാധാന്യമുള്ളതായി കാണുന്നു. ഇക്കാര്യത്തിനു വേണ്ടി വിദഗ്ദരായ രണ്ടോ മൂന്നോ സർവ്വേയർമാരുടെയും ഒരു സർവ്വേ സൂപ്രണ്ടിന്റെയും സേവനം തൃശ്ശൂർ ജില്ലാ കളക്ടറുടെ നേരിട്ടുള്ള ചുമതലയിൽ വിനിയോഗിക്കാവുന്നതായി കാണുന്നു.

ഇപ്രകാരം വിദഗ്ദരായ ഒരു സർവ്വേ സംഘത്തിന്റെ പരിശോധനയിൽ അനധികൃതമായ പുറമ്പോക്ക് കൈയേറ്റം നടന്നിട്ടുണ്ടെന്നു ബോധ്യപ്പെടുന്ന പക്ഷം [illegible]രമായ നടപടികൾ സ്വീകരിക്കാവുന്നതും ഇക്കാര്യത്തിൽ ഏതെങ്കിലും ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള കൃത്യനിർവ്വഹണത്തിലെ അപാകതകൾ ഉണ്ടെന്ന് കണ്ടാൽ ടി കക്ഷികൾക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതുമാണെന്ന് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)

സെക്ഷൻ ഓഫീസർ

Kind attention Assistant Commissioner (LA)

183

**തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം**

**(ഹാജർ : എം.എസ്.ജയ, ഐ.എ.എസ്)**

വിഷയം : കിഴക്കെ ചാലക്കുടി വില്ലേജ് 680/1 സർവെ നമ്പറിൽപ്പെടുന്ന പുറമ്പോക്ക് ഭൂമി അനധികൃതമായി പോക്കുവരവ് ചെയ്യുകയും കരം ഒടുക്കി നൽകുകയും ചെയ്യു എന്ന പരാതി - സംബന്ധിച്ച് -

സൂചന :

1. അഡ്വ.കെ.സി.സന്തോഷ്, 'സി' ഗാർഡൻസ്, തോട്ടയ്ക്കാട്ടുകര, ആലുവ-8 എന്നവരുടെ 03.07.2013 ലെ പരാതി.
2. മുകന്ദപുരം തഹസിൽദാർ, ചാലക്കുടി പി.ഡബ്ലിയു.ഡി. റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കിഴക്കെ ചാലക്കുടി വില്ലേജ് ഓഫീസർ എന്നിവർക്കുള്ള ഈ ഓഫീസിൽ നിന്നുള്ള 16.08.2013 ലെ ബി1-46932/13 നമ്പർ കത്ത്.
3. 26078/13 നമ്പർ റിട്ട് പെറ്റീഷനിലെ 25.10.13 ലെ വിധി.
4. 05.02.2014 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ വെച്ച് നടന്ന വിചാരണ.
5. മുകന്ദപുരം തഹസിൽദാരുടെ 03.02.2014 ലെ ബി6-22753/13 നമ്പർ കത്ത്.
6. ചാലക്കുടി അഡീഷണൽ തഹസിൽദാർക്കുള്ള ഈ കാര്യാലയത്തിൽ നിന്നുള്ള 17.02.2014 ലെ ഇതേ നമ്പർ കത്തും 01.03.2014 , 12.03.14, 08.05.14, 28.06.14 എന്നീ തീയതികളിലെ ഓർമ്മക്കുറിപ്പുകളും.
7. ചാലക്കുടി അഡീഷണൽ തഹസിൽദാരുടെ 26.06.2014 തീയതിയിലെ ബി6-22753/13 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ബി4-46932/2013 തീയതി : 24.07.2014**

മുമ്പ് മുകന്ദപുരം താലൂക്കിൽ ഉൾപ്പെട്ടതും ഇപ്പോൾ പുതുതായി രൂപംകൊണ്ട ചാലക്കുടി താലൂക്കിൽപ്പെട്ടതുമായ കിഴക്കെ ചാലക്കുടി വില്ലേജിലെ 680/1 സർവെ നമ്പറിൽപ്പെട്ട പുറമ്പോക്ക് ഭൂമി അനധികൃതമായി പോക്കുവരവ് ചെയ്യുകയും പ്രസ്തുത വസ്തുവഹകൾക്ക് കരം ഒടുക്കി നൽകുകയും തെറ്റായി സർവെ പ്ലാൻ തയ്യാറാക്കിയത് സംബന്ധിച്ച് അന്വേഷിച്ച് നടപടിയെടുക്കണമെന്നും മറ്റും ആരോപിച്ച് അഡ്വ.കെ.സി.സന്തോഷ് ('സി' ഗാർഡൻസ്, തോട്ടയ്ക്കാട്ടുകര, ആലുവ-8) എന്നവർ തൃശ്ശൂർ ജില്ലാ കളക്ടർ, മുകന്ദപുരം തഹസിൽദാർ, കിഴക്കെ ചാലക്കുടി വില്ലേജ് ഓഫീസർ, ചാലക്കുടി പി.ഡബ്ലിയു.ഡി. റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മുമ്പാകെ 03.07.2013 തീയതിയിൽ പരാതി നൽകി (Ext.P9). ആയതിന്റെ പകർപ്പ് പരാതിയിൽ പറയുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും മറുപടി നൽകുന്നതിനുമായി മുകന്ദപുരം തഹസിൽദാർ, ചാലക്കുടി പി.ഡബ്ലിയു.ഡി. റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കിഴക്കെ ചാലക്കുടി വില്ലേജ് ഓഫീസർ എന്നിവർക്ക് 2-ാം സൂചന പ്രകാരം നൽകുകയുണ്ടായി. അതേസമയം പുറമ്പോക്ക് ഭൂമിയിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയെന്നാരോപിച്ച് മേൽ പരാതിക്കാരൻ ചാലക്കുടി മുനിസിപ്പാലിറ്റി സെക്രട്ടറിക്കും പരാതി നൽകുകയുണ്ടായി. (Ext. P8).

എന്നാൽ Ext P8, P9 എന്നിവയിൽ നടപടികളൊന്നും ഉണ്ടായില്ല എന്നാരോപിച്ച് പരാതിക്കാരനായ അഡ്വ.കെ.സി.സന്തോഷ് 26078/13 നമ്പറായി ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിലെ 25.10.2013 ലെ വിധിപ്രകാരം 2-ാം എതിർകക്ഷിയായ ജില്ലാ കളക്ടർ വിധിപകർപ്പ് ലഭിച്ച് 2 മാസത്തിനുള്ളിൽ പരാതിക്കാരൻ 03.07.2013 ന് സമർപ്പിച്ച i.e. Ext.P9 പരാതിയിന്മേൽ പരാതിക്കാരനേയും അതേ സമയം 7-ാം എതിർകക്ഷിയായ

വിചാരണ നടത്തി നിയമാനുസൃതം ഉത്തരവിറക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. കൂടാതെ Ext. P7 പരാതിയിന്മേൽ 6-ാം എതിർകക്ഷിയായ ചാലക്കുടി മുനിസിപ്പാലിറ്റി സെക്രട്ടറിയും ഇതേ രീതിയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണെന്ന് വിധിച്ചു.

പ്രസ്തുത വിധിപ്രകാരം 05.02.2014 ന് പരാതിക്കാരനേയും 7-ാം എതിർകക്ഷിക്കു വേണ്ടി ഹാജരായ ശ്രീ.ശിവകുമാർ.പി. എന്നവരേയും ജില്ലാ കളക്ടറുടെ ചേമ്പറിൽവെച്ച് വിചാരണ നടത്തുകയുണ്ടായി. കൂടാതെ മുകുന്ദപുരം അഡീഷണൽ തഹസിൽദാർക്കു വേണ്ടി പ്രസ്തുത ഓഫീസിലെ 'ബി' സെക്ഷൻ ജൂനിയർ സൂപ്രണ്ടും വിചാരണയ്ക്ക് ഹാജരായി.

തർക്കവസ്തു 'വലിയ തമ്പുരാൻ കോവിലകം' എന്ന കൊച്ചിരാജാകുടുംബത്തിന്റെ സ്ഥാപനത്തിന്റെ വക വസ്തുവാണെന്നും 1949 ലെ തിരുവിതാംകൂർ - കൊച്ചി ഏകീകരണത്തോടെ ഇത് കൊച്ചിൻ ദേവസ്വത്തിന്റെ കീഴിലാണെന്നും ഇത് അമ്പലം വക വസ്തുവാണെന്നും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 680 എന്ന സർവെ നമ്പർ ഭൂമിയുടെ പേരിന്റെ സ്ഥാനത്ത് 'ഊട്ടുപുരപറമ്പ്' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബി.ടി.ആർ പ്രകാരം ഈ ഭൂമികളെല്ലാം പുറമ്പോക്കാണെന്നും A രജിസ്റ്ററിന്റെ സപ്ലിമെന്റിലും പുറമ്പോക്കായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും NHAI യ്ക്ക് സ്ഥലമേറ്റെടുത്തപ്പോൾ പ്രസ്തുത സ്ഥലം പുറമ്പോക്കാണെന്നും 681/1 സർവെ നമ്പറിൽ 35 സെന്റ് സ്ഥലം തോട് പുറമ്പോക്കായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പരാതിക്കാരനായ ശ്രീ.സന്തോഷ് വിചാരണവേളയിൽ അറിയിച്ചു.

സർവെ 680/1 ൽ തങ്ങൾ വാങ്ങിയത് കൂടാതെ ബാക്കി ഭാഗത്ത് വീടുകളുണ്ടെന്നും പഴയ കഥകൾ അറിയില്ലെന്നും പ്രസ്തുത ഭൂമിയിലെ തോടിന്റെ വശങ്ങൾ കെട്ടിക്കൊടുത്തിട്ടുണ്ടെന്നും ചാലക്കുടിയിൽ ഇതിനെക്കുറിച്ച് ആർക്കും പരാതിയില്ലെന്നും ബാങ്കുകൾ 30 വർഷം മുൻപുള്ള കാര്യങ്ങൾ പരിശോധിച്ച ശേഷമാണ് ലോൺ തന്നതെന്നും എല്ലാ വകുപ്പുകളുടേയും അനുമതി വാങ്ങിയ ശേഷമാണ് പ്രസ്തുത സ്ഥലത്ത് തിയേറ്റർ പണി ആരംഭിച്ചതെന്നും, ഇപ്പോൾ ആയത് തീരാറായ സാഹചര്യത്തിൽ വ്യക്തിവൈരാഗ്യമാണ് പരാതിക്ക് കാരണമെന്നും തങ്ങളുടേത് പുറമ്പോക്കാണെങ്കിൽ അതിനടുത്തുള്ള ധാരാളം പേരുടേതും പുറമ്പോക്കാകുമെന്നും 2007 ലെ അനുമതിയുടെ അടിസ്ഥാനത്തിൽ 2011 ലാണ് പണി തുടങ്ങിയതെന്നും 7-ാം എതിർകക്ഷിക്കു വേണ്ടി ഹാജരായ സഹോദരൻ ശിവകുമാർ അറിയിച്ചു.

മുകുന്ദപുരം തഹസിൽദാർക്കു വേണ്ടി ഹാജരായ 'ബി' സെക്ഷൻ ജൂനിയർ സൂപ്രണ്ട് വില്ലേജ് ഓഫീസിൽ നിന്ന് ലഭ്യമായ രേഖകളെല്ലാം ഹാജരാക്കുന്നതാണെന്നും ഫിസിക്കൽ വെരിഫിക്കേഷനിൽ എൻ.എച്ച്.ന് കൊടുത്ത സ്ഥലത്തിന്റെ ബാക്കി പരിശോധിച്ചിട്ടില്ല എന്നും അറിയിച്ചു.

തന്റെ പരാതി പരിഗണിക്കാത്തതുകൊണ്ടാണ് ഹൈക്കോടതിയിൽ പോയതെന്നും ബന്ധപ്പെട്ട രേഖകളെല്ലാം ഹാജരാക്കുന്നതാണെന്നും പരാതിക്കാരനായ അഡ്വ.സന്തോഷ് അറിയിച്ചു.

മേൽ സാഹചര്യത്തിൽ ശ്രീ.ഗോപാലകൃഷ്ണൻ ചാലക്കുടി വില്ലേജിൽ തിയേറ്റർ പണിതുകൊണ്ടിരിക്കുന്ന ഭൂമി അദ്ദേഹത്തിന്റെ തന്നെ സ്വന്തമായിട്ടുള്ളതാണോ എന്നും അല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് അമ്പലപ്പുറമ്പോ പുറമ്പോക്ക് ഭൂമിയോ ഉൾപ്പെട്ടിട്ടുണ്ടോ എന്നും അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ 6-ാം സൂചന പ്രകാരം ചാലക്കുടി അഡീഷണൽ തഹസിൽദാരോട് ആവശ്യപ്പെടുകയും 7-ാം സൂചന പ്രകാരം അഡീഷണൽ തഹസിൽദാർ പ്രസ്തുത റിപ്പോർട്ട് കൈവശ സ്കെച്ച് സഹിതം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റിട്ട് പെറ്റീഷൻ 26078/13 ലെ IA-6526/14 നമ്പർ 11.06.2014 ലെ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി വിധി നടപ്പാക്കുന്നതിനുള്ള സമയപരിധി 31.07.2014 വരെ നീട്ടിത്തന്നിട്ടുള്ളതാകുന്നു.

തർക്കസ്ഥലം അളന്ന് പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം ചാലക്കുടി താലൂക്കിൽ കിഴക്കെ ചാലക്കുടി വില്ലേജിൽ സർവെ 680/1 ന്റെയും 681/1 ന്റെയും ഭാഗമായി ഉൾപ്പെട്ട് വ്യക്തമായ അതിർത്തികളിട്ട് കൈവശംവെച്ച് വരുന്നതായി കാണുന്നുവെന്നും 680/1 ൽ 0.2900 ഹെക്ടറും 681/1 ൽ 0.0655 ഹെക്ടറും കൈവശമുണ്ടെന്നും ബി.ടി.ആർ പ്രകാരം 680/1 ൽ 0.6237 ഹെക്ടർ പുരയിടമായും 681/1 ൽ 35 സെന്റ് തോട് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ചാലക്കുടി അഡീഷണൽ

33, 35 (3/3)

185

സിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു. എങ്കിലും പിന്നീട് 681/1 നെ പുനർവിഭജനം ചെയ്ത് 681/1, 3 എന്നിങ്ങനെ മാറ്റം വരുത്തി 681/1 ൽ 17 ½ സെന്റ് പണ്ടാരവക വെറുമ്പാട്ടമാക്കി പാലിയത്ത് പുത്തൻകോവിലകം എന്നും 681/3 നെ 17 ½ സെന്റ് പണ്ടാരവക വെറുമ്പാട്ടമാക്കി കണ്ണംമ്പുഴ ഭഗവതി ദേവസ്വമാക്കിയതായും കാണുന്നു എന്നും, എന്നാൽ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 681/1 ൽ 35 സെന്റ് സ്ഥലം തോട് പുറമ്പോക്കായിരുന്നതായിട്ടാണ് കാണുന്നതെന്നും അഡീഷണൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനാധാരമായ ഫസ്റ്റ് ഗ്രേഡ് സർവെയറുടെ റിപ്പോർട്ടിൽ "ചുരുക്കത്തിൽ ശ്രീ.ഗോപാലകൃഷ്ണൻ എന്നയാളുടെ പ്രമാണങ്ങൾ, നിലവിലുള്ള റവന്യൂ റെക്കോർഡുകൾ, കൈവശസ്ഥലത്തിന്റെ അതിർത്തികൾ പ്രകാരം സർവെ നമ്പർ 680/1, 681/1 എന്നിവയിൽ തോട്, പുറമ്പോക്കുകൾ ഉൾപ്പെട്ടുവരുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ഏരിയ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി കൃത്യമായ വിസ്തീർണ്ണം കണക്കാക്കി ഇതോടൊപ്പം സമർപ്പിക്കുന്നു" എന്ന് വ്യക്തമാക്കിയതായി കാണുന്നു.

വിശദമായ സർവെ പരിശോധനയ്ക്ക് ശേഷവും തർക്കഭൂമിയുടെ ചരിത്രപരമായ കൈമാറ്റങ്ങൾ വിശദമായി പഠിച്ചതിനു ശേഷവും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 681/1 സർവെ നമ്പറിൽ 35 സെന്റ് പുറമ്പോക്ക് വസ്തു ഉണ്ടെങ്കിലും ശ്രീ.ഗോപാലകൃഷ്ണന്റെ കൈവശത്തിൽ ഉൾപ്പെട്ട കിഴക്കെ ചാലക്കുടി വില്ലേജിലെ 680/1, 681/1 സർവെ നമ്പറുകളിൽപ്പെട്ട ഭൂമിയിൽ പുറമ്പോക്ക് വസ്തുക്കളൊന്നും ഇല്ലായെന്ന സർവെയറുടെ വ്യക്തമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡ്വ.കെ.സി.സന്തോഷ് സമർപ്പിച്ച 03.07.2013 ലെ പരാതി തള്ളിക്കൊണ്ടും കോടതിവിധി നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

സ്വീകർത്താവ്

1. അഡ്വ.കെ.സി.സന്തോഷ്, S/o (Late) കെ.എ.ചന്ദ്രശേഖരമേനോൻ, 'സി' ഗാർഡൻസ്, പറവൂർ ജംഗ്ഷൻ, എൻ.എച്ച്.റോഡ്, തോട്ടയ്ക്കാട്ടുകര, ആലുവ – 683 108.
2. ശ്രീ.ഗോപാലകൃഷ്ണൻ.പി., S/o പത്മനാഭപിള്ള, 'പത്മസരോവരം', തോട്ടയ്ക്കാട്ടുകര.പി.ഒ, ആലുവ-683 108.

പകർപ്പ്

1. അഡീഷണൽ തഹസിൽദാർ, ചാലക്കുടി
2. വില്ലേജ് ഓഫീസർ, കിഴക്കെ ചാലക്കുടി
3. സെക്രട്ടറി, ചാലക്കുടി മുനിസിപ്പാലിറ്റി
4. സൂപ്രണ്ട്, സർവെ ആന്റ് ലാന്റ് റെക്കോർഡ്സ്, സിവിൽ സ്റ്റേഷൻ, തൃശ്ശൂർ.

: ഉത്തരവിൻപ്രകാരം :

ജൂനിയർ സൂപ്രണ്ട് (ബി)

Indu S.S
സെക്ഷൻ ഓഫീസർ

സിഎ/25.07.14

നിയമസഭാ ചോദ്യം 39/1243 (F ഉ കർഷ്)

**വളരെ അടിയന്തിരം**

ബി4-33127/17

കളക്ടറേറ്റ്, തൃശ്ശൂർ
തീയതി: 16/07/2017

പ്രേഷകൻ

ജില്ലാ കളക്ടർ

തൃശ്ശൂർ

സ്വീകർത്താവ്

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

തിരുവനന്തപുരം

സർ,

വിഷയം : കേരളഭൂസംരക്ഷണനിയമം 1957- കിഴക്കേചാലക്കുടി സർവേ 680/1, 681/1 എന്നിവയിലെ കയ്യേറ്റം സംബന്ധിച്ച ആരോപണം-തൽസ്ഥിതി റിപ്പോർട്ട് ചെയ്യുന്നു.
സൂചന : ലാന്റ് റവന്യൂ കമ്മീഷറുടെ 11.06.2015 ലെ ന. എൽ.ആർ(കെ4)-19290/14 ഉത്തരവ്.

****

കിഴക്കേചാലക്കുടി വില്ലേജിൽ സർവേ 680/1, ൽ പെട്ട പുറമ്പോക്ക് വസ്തു ഗോപാലകൃഷ്ണൻ (ദിലീപ്) എന്നവർക്ക് അനധികൃതമായി പോക്ക് വരവ് ചെയ്ത് നൽകിയെന്നും ടി വസ്തുക്കൾക്ക് തെറ്റായി സർവേ പ്ലാൻ തയ്യാറാക്കി എന്നും കാണിച്ച് അഡ്വ. കെ.സി സന്തോഷ് എന്നയാൾ ജില്ലാ കളക്ടർ തൃശ്ശൂർ, മുകന്ദപുരം തഹസിൽദാർ, വില്ലേജ് ഓഫീസർ കിഴക്കേ ചാലക്കുടി, എക്സിക്യൂട്ടീവ് എഞ്ചിനിയർ റോഡ്സ് ഡിവിഷൻ ചാലക്കുടി എന്നിവർ മുമ്പാകെ 03.07.2013 നം മേൽപ്പറഞ്ഞ പുറമ്പോക്ക് ഭൂമിയിൽ ബിൽഡിംഗ് നിർമാണ പെർമിറ്റ് അനുവദിച്ചതിനെതിരെ ചാലക്കുടി മുനിസിപ്പൽ സെക്രട്ടറി മുമ്പാകെയും പരാതി സമർപ്പിച്ചിരുന്നു. ടി പരാതികൾ തീർപ്പാക്കുവാൻ വൈകിയതിനെ തുടർന്ന് ടിയാൻ ബഹു. ഹൈകോടതിയിൽ ഫയൽ ചെയ്ത WP(C)26078/13 ന. കേസിലെ 25/10/13 ലെ ഉത്തരവ് അനുസരിച്ച് ടിയാൻ ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ച പരാതിയിൽ 2 മാസത്തിനകം തീർപ്പ് കൽപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ബന്ധപ്പെട്ട കക്ഷികളെ വിചാരണ നടത്തിയും അഡീ. തഹസിൽദാർ ചാലക്കുടി താലൂക്ക് സർവേയർ, എന്നിവർ നൽകിയ റിപ്പോർട്ട് പരിശോധിച്ചതിലും 680/1, 681/1 എന്നീ സർവേ നമ്പറുകളിൽ 35 സെന്റ് സ്ഥലം തോട് പുറമ്പോക്കുണ്ടെങ്കിലും ശ്രീ ഗോപാലകൃഷ്ണൻ (ദിലീപ്) എന്നവരുടെ പ്രമാണങ്ങൾ, നിലവിലുള്ള റവന്യൂ റിക്കാർഡുകൾ എന്നിവ പ്രകാരം 680/1, 681/1 എന്നിവയിൽ തോട് പുറമ്പോക്കുൾപ്പെട്ടുവരുന്നില്ലെന്ന സർവേയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി ജില്ലാ കളക്ടർ 24.07.2014 ന് തള്ളി ഉത്തരവാകുകയും ചെയ്തു.

ഇതിനെതിരെ സന്തോഷ് എൽ.ആർ.സി മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും 11.06.15 ൽ ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി വിഷയം ജില്ലാ കളക്ടർക്ക് റിമാന്റ്

[illegible] ചെയ്തു. ഇതേ തുടർന്ന് ബന്ധപ്പെട്ട കക്ഷികളെ 28/09/2016, 06/10/2016 എന്നീ തീയതികളിൽ വിചാരണ നടത്തിയിട്ടുള്ളതാണ്. കൂടാതെ ടി വിഷയത്തിൽ വലിയമ്മതമ്പുരാൻ കോവിലകം വക ഭൂമി ഉൾപ്പെട്ടിട്ടുള്ളതായി പരാതിയിൽ ആരോപിച്ചതിനാൽ തൃപ്പൂണിത്തറയിലുള്ള പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽ നിന്നും ടി വിഷയത്തിലുള്ള വിശദാംശങ്ങൾ ആരായുകയും , ആയത് അവർ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ കേസിൽ തീർപ്പുകൽപ്പിക്കുന്നതിൽ താഴെപറയും പ്രകാരമുള്ള സങ്കീർണ്ണതകൾ നിലവിലുള്ളതാണ്.

1. പരാതിയിൽ പറയുന്ന സർവേ 680/1 ൽപെട്ട ഭൂമിയിൽ നിന്നും റോഡ് വികസനത്തിനും ദേശീയപാതാവികസനത്തിനുമായി 2 ഘട്ടങ്ങളിലായി ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച റവന്യൂ റിക്കാർഡുകൾ (ലാന്റ് അക്വിസിഷൻ)വിശദമായി പരിശോധിക്കേണ്ടതുണ്ട്.
2. സർവേ 681/1 ൽ തോട് പുറമ്പോക്കിൽ ഉൾപ്പെട്ട 35 സെന്റ് ഭൂമി മലയാളവർഷം 1097 ലെ 404-ാം നമ്പർ എസ് ഫയൽ പ്രകാരം 681/1,3 എന്നിങ്ങനെ സബ് ഡിവിഷൻ ചെയ്ത് വലിയതമ്പുരാൻ കോവിലകം പേരിലും , കണ്ണമ്പുഴ ഭഗവതി ദേവസ്വം പേരിലും സർവേ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളതാണെന്ന് സർവേ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 681/1 ൽപെട്ട 17.5 സെന്റ് ജന്മാവകാശം സിദ്ധിച്ചതെങ്ങനെയെന്നും , തീറെഴുതി ക്രയവിക്രയം ചെയ്ത് കരം അടച്ചത് എങ്ങനെയന്നും പരിശോധിക്കേണ്ടതുണ്ട്. 681/3 ൽ പെട്ട 17.5 സെന്റിന്റെ വിശദാംശങ്ങൾ ഇൻകോർപ്പറേറ്റഡ് ദേവസ്വം പട്ടികയുടെ അടിസ്ഥാനത്തിലും പരിശോധിക്കേണ്ടതുണ്ട്,
3. സർവേ 680/1 ന്റെ ജന്മി വലിയതമ്പുരാൻ പുത്തൻകോവിലകം എന്നാകയാലും ടി വകകൾ വലിയമ്മതമ്പുരാൻ പുത്തൻകോവിലകം എസ്റ്റേറ്റ് ഭൂമിയുമായി ബന്ധപ്പെട്ടുള്ളതാകയാലും 1949 ലെ കൊച്ചി മഹാരാജാവിന്റെ വിളംബരം, ടി വകകളുടെ , 1956 മുതലുള്ള ആധാരങ്ങൾ, അടിയാധാരങ്ങൾ, ബന്ധപ്പെട്ട റവന്യൂ റിക്കാർഡുകൾ, ഇതുമായി ബന്ധപ്പെട്ട് മിച്ചഭൂമി സംബന്ധിച്ച താലൂക്ക് ലാന്റ് ബോർഡ് കണയന്നൂരിന്റെ 1977 ലെ നടപടിക്രമം എന്നിവ വിശദമായി പരിശോധനാവിധേയമാക്കിയാൽ മാത്രമേ ടി വസ്തു എങ്ങനെ സ്വകാര്യവ്യക്തികളിലെത്തിയെന്നത് മനസ്സിലാക്കാനാകൂ. കൂടാതെ വെറുമ്പാട്ടഭൂമി 1966 ലെ ടി.ആർ ചട്ടപ്രകാരം എങ്ങനെ പോക്ക് വരവ് നടത്തി എന്നും വിശദമായി പരിശോധിക്കേണ്ടതായുണ്ട്. കൂടാതെ ടി വിഷയത്തിൽ ക്രയ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്നതിന് ബന്ധപ്പെട്ട ലാന്റ് ട്രിബ്യൂണൽ രേഖകൾ പരിശോധിക്കേണ്ടതായുണ്ട്.
4. മധ്യമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ ടി കേസുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ റിക്കാർഡുകളുടെ അഭാവത്തിൽ ഒരു ഉന്നതതല റവന്യൂ സംഘത്തെ നിയോഗിച്ച് നടപടികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത ഉള്ള വിവരം ലാന്റ് റവന്യൂ കമ്മീഷണറുടെ അപ്പീൽ തീർപ്പാക്കികൊണ്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിൽ പരിശോധനാവിധേയമാക്കേണ്ട വിഷയങ്ങളിൽ സങ്കീർണ്ണതകൾ നിലവിലുണ്ട്.

മേൽപരാമർശിച്ച സങ്കീർണ്ണ വിഷയങ്ങളും ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവും കക്ഷികൾ

43

ചാരണവേളയിൽ നൽകിയ മൊഴികളും, 1956 മുതലുള്ള റവന്യൂ സർവേ രേഖകളും, ആധാരങ്ങളും, അടിയാധാരങ്ങളും,ലാന്റ് ട്രിബ്യൂണലുമായി ബന്ധപ്പെട്ട റിക്കാർഡുകൾ മുതലായവയും വിശദമായി പരിശോധനാവിധേയമാക്കി പരാതി വിഷയത്തിൽ സംശയാതീതമായി തീർപ്പ് കൽപ്പിക്കുന്നതിനായുള്ള ഔദ്യോഗികനടപടികൾ പുരോഗമിച്ച് വരികയാണ് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർ

സെക്ഷൻ ഓഫീസർ